**Deepika**

**27 August 2018**

**Kochi; After Flood, Relief, Flood Disaster Cleaning**

# സ്കൂളുകൾ ശുചീകരിക്കാനായി അധ്യാപക സന്നദ്ധസേനയെത്തി

**പറവൂർ:** പ്രളയക്കെടുതിയിൽ നാശത്തിലായ പറവൂർ മേഖലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ശുചീകരിക്കുന്നതിനു സന്നദ്ധസേനയുമായി പെരുമ്പാവൂരിലെ അധ്യാപകസമൂഹം എത്തി.

പെരുമ്പാവൂർ ബിആർസിയുടെ കീഴിലുള്ള വിവിധ സ്കൂളുകളിൽ നിന്നുള്ള അധ്യാപകരാണ് സേവനങ്ങളുമായി രംഗത്തിറങ്ങിയത്. എഴുപതോളം അധ്യാപകർ ശുചീകരണത്തിൽ പങ്കെടുത്തു.

ചാലാക്ക ഗവ. എൽപിഎസ്, ജിഎൽപിഎസ് വടക്കേക്കര എന്നീ സ്കൂളുകളാണ് ശുചീകരിച്ചത്. വെള്ളംകയറി നശിച്ച ക്ലാസ് മുറികൾ ഹൃദയം വേദനിക്കുന്ന കാഴ്ചയാണ് സമ്മാനിച്ചതെന്ന് തണ്ടേക്കാട് ജമാഅത്ത് സ്കൂളിലെ അറബി അധ്യാപകൻ കെ.എ. നൗഷാദ് പറഞ്ഞു.

ഈ ക്ലാസ് മുറികളുമായി പൊരുത്തപ്പെട്ടു പോകുകയെന്നത് വലിയ പ്രയാസകരമാണെന്നും അധ്യാപകർ പറഞ്ഞു. മുഴുവൻ ക്ലാസ് മുറികളും ഡൈനിംഗ് ഹാളും ഓഫീസ് മുറികളും മറ്റും വൃത്തിയാക്കി കഴിഞ്ഞു. സ്കൂളിലെ അവശ്യരേഖകളും അധ്യാപകരുടെ സർവീസ് രേഖകളും കംപ്യൂട്ടർ തുടങ്ങിയവയും പൂർണമായും നശിച്ചു.



പറവൂർ മേഖലയിലെ സ്കൂൾ ശുചീകരിക്കുന്ന അധ്യാപക സന്നദ്ധസേന പ്രവർത്തകർ.